# ‘പരിശുദ്ധാത്മാവാകുന്ന അഗ്നി’

അപ്പൊസ്തല പ്രവൃത്തികൾ 28:3

‘‘പൗലോസ് കുറെ വിറകു പെറുക്കി തീയിലിട്ടപ്പോൾ ഒരു അണലി ചൂടുനിമിത്തം പുറപ്പെട്ടു, അവന്റെ കൈക്കു പറ്റി.’’

സാഹസികമായ ഒരു കപ്പൽ യാത്രയ്ക്കുശേഷം ദ്വീപിന്റെ മറുകര പറ്റിയ പൗലോസും കൂടെയുള്ള യാത്രക്കാരും മെലിത്ത ദ്വീപിലെത്തി. മെലിത്ത ദ്വീപിലെ നിവാസികൾ പൗലോസിനോടും കൂട്ടരോടും ദയ കാണിക്കുവാൻ ഇടയായി. കഠിനമായ ശീതവും തണുപ്പും കൊണ്ട് തീ കാഞ്ഞുകൊണ്ടിരുന്നതിന്റെ മദ്ധ്യത്തിൽ നിന്നു പുറപ്പെടുന്നതായ അണലി, വിറകിന്റെ ചൂടു വിഷജന്തുവിനെ പുറത്തു കൊണ്ടുവരാൻ ഇടയാക്കി.

അണലിയുടെ കടികൊണ്ട് മരിക്കാൻ പോകുന്ന പൗലോസിനെ നോക്കി നിന്ന ജനം കണ്ട കാഴ്ച വിഭിന്നമായിരുന്നു. ഈ സംഭവം പൗലോസ് എന്ന ദൈവപൈതൽ ആരാണെന്ന് തിരിച്ചറിയുവാൻ ഇടയായി. കർത്താവിന് അവനെക്കൊണ്ട് ആ ദ്വീപിൽ ദൈവപ്രവൃത്തി വെളിപ്പെടുത്തുവാനും ഇടയാക്കി. അതേ, ദൈവപ്രവൃത്തി വെളിപ്പെടുത്തുന്നതിനു മുമ്പ് ചില അണലികൾ ചൂടു കൊണ്ട് പുറത്തു വരണം. ആത്മാവിന്റെ എരിവും, ദാഹവും, ശക്തിയുംകൊണ്ട് ജീവിതത്തിന്റെ മറഞ്ഞു കിടക്കുന്ന ചില വിഷജന്തുക്കളെ തീയിലേക്ക് കുടഞ്ഞു കളയുവാൻ ഏല്പിച്ചു കൊടുക്കണം എന്ന മഹത്തായ സന്ദേശം നമുക്കു ലഭിക്കുന്നു.

ചില ദ്വീപുകളുടെയും, സമൂഹങ്ങളുടെയും മധ്യത്തിൽ തമ്പുരാൻ നമ്മെ നിലനിർത്തിയിരിക്കുന്നു. അവിടെ ദൈവമക്കളാണെന്ന വ്യത്യാസം ജീവിതത്തിൽ പ്രതിഫലിക്കാനും, ദൈവപ്രവൃത്തി വെളിപ്പെടുവാനും ഇടയാകണം. ജീവിതത്തിലെ ചില അണലികൾ വെളിപ്പെട്ടു പുറത്തുവരാൻ ഇടയാകട്ടെ. ദൈവപ്രവൃത്തി എന്തെന്ന് ദൈവമില്ലാത്തവൻ കണ്ടറിയണം. ആ ദ്വീപിലെ നിവാസികൾ ബർബരന്മാരായിരുന്നു എന്നാണ് വചനം ഓർമ്മിപ്പിക്കുന്നത്.

പരിശുദ്ധാത്മാവാകുന്ന അഗ്നി ജീവിത മണ്ഡലങ്ങളെ കത്തിക്കട്ടെ. കരിച്ചു കളയേണ്ടതിനെ ചുടുവാൻ തക്കവണ്ണം ഏല്പിക്കാം. ചില കോട്ടകളും, ബന്ധനങ്ങളും ആകുന്ന അണലികൾ നമ്മുടടെ ശുശ്രൂഷകളെയും ദൈവപ്രവത്തിയുടെ വെളിപ്പെടുത്തലുകളെയും തടയും. അതെ, ഒളിഞ്ഞു കിടക്കുന്ന സകല വിഷാംശങ്ങളും ആത്മാവിന്റെ സാന്നിധ്യം കൊണ്ട് ശുദ്ധീകരിക്കാൻ വിട്ടു കൊടുക്കാം. പുറത്തു വന്നെങ്കിലേ കുടഞ്ഞു കളയാൻ കഴിയൂ. മറഞ്ഞിരിക്കുന്ന സ്വമേധാപാപങ്ങളെയും, ബലഹീനതകളെയും ഈ

നാളുകളിൽ കുടഞ്ഞു കളഞ്ഞ് ദൈവത്തിനായി പ്രയോജനപ്പെടുവാൻ നമുക്ക് ഏല്പിച്ചു കൊടുക്കാം.

വചനഭാഗത്തുനിന്ന് പിന്നീട് നാം കാണുന്നത് പൗലോസിനെ ആദരവോടെ അതിഥി സൽക്കാരം ചെയ്യുന്ന ഒരു കൂട്ടത്തെയാണ്. അവിടെ കർത്താവിന്റെ നാമമഹത്വത്തിനായി വിടുതലുകളും, സൗഖ്യങ്ങളും നടക്കുവാൻ ഇടയായി. ആദ്യം സ്വന്തം ജീവിതം ആരെന്ന സാക്ഷ്യം വെളിപ്പെടുത്തി. പിന്നീട് കർത്താവ് നിയോഗിച്ചവർക്കു വേണ്ടി സാക്ഷ്യമാകുവാൻ ഇടയായി. അങ്ങനെ കർതൃനാമമഹത്വത്തിനായി ഒരു ശുദ്ധീകരണത്തിനും, സമർപ്പണത്തിനും നമുക്ക് ഏല്പിച്ചു കൊടുക്കാം. കർത്താവ് സഹായിക്കട്ടെ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 067